VM ARCHITECTS
architecture + interiors

3rd Floor , 5/3403 C40 (3) , Space Mall , Jafferkhan Colony Road,calicut 673004 , Kerala - India
info@vmarchitects.net + 91 96 33 822 771 , 0495- 272 8771 www.vmarchitects.net

No.1197/1, 3rd floor(paratha plaza),22nd cross,HSR club road,Sector-3 , HSR layout,Bangalore- 560102
info.bangalore@vmarchitects.net + 91 96 33 82 27 71 | + 91 81 97 15 96 79 | 080 437 554 08
www.vmarchitects.net





Photo: Ajeeb Komachi

# Simply Perfect

രൂപഘടനയിലും അഴകളവിലും പുലർത്തുന്ന മൗലികതയാണ് ഓരോ വീടിനേയും മഹത്തരമാക്കുന്നത്. ഷറഫാസ് അബ്ദുൾ റസാഖിനും കുടുംബത്തിനുമായി വിനയ് ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ വീടും എലിവേഷനിലെ പുതുമകൊണ്ടാണ് കാഴ്ച്ചക്കാരുടെ മനം നിറയ്ക്കുന്നത്.



വാസ്തുകലയുടെ വൈവിധ്യം വിളിച്ചോതുന്നതാണ് ആർക്കിടെക്റ്റ് വിനയ്മോഹന്റെ സൃഷ്ടികളെല്ലാം. രൂപഘടനയിലും അഴകളവിലും പുലർത്തുന്ന മൗലികതയാണ് ഓരോ വീടിനേയും മഹത്തരമാക്കുന്നത്. ഷറഫാസ് അബ്ദുൾ റസാഖിനും കുടുംബത്തിനുമായി വിനയ് ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ വീടും എലിവേഷനിലെ പുതുമകൊണ്ടാണ് കാഴ്ചക്കാരുടെ മനം നിറയ്ക്കുന്നത്. പുതമാതൃകയിലൊരു വീടെന്നതായിരുന്നു ഗൃഹനാഥന്റെയും കുടുംബാംഗങ്ങലുടെയും ആഗ്രഹം. ഈ സ്വപ്നം മികച്ചരീതിയിൽ സാക്ഷാത്കരിച്ചിട്ടുണ്ട് ആർക്കിടെക്റ്റ് വിനയ്മോഹൻ. കുടുംബാംഗങ്ങളുടെ വിനോദത്തിനും വിശ്രമത്തിനും ഒരുപോലെ സൗകര്യം നൽകുന്ന ഈ വീടൊരു സമ്പൂർണ്ണ വാസ്തുഗൃഹമാണ്.







കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വി.എം. ആർക്കിടെക്റ്റസിന്റെ മറ്റു പ്രൊജക്റ്റുകൾ കണ്ടറിഞ്ഞാണ് ഷറഫാസ് തന്റെ ഭവനമോഹം സാക്ഷാത്കരിക്കുന്നതിനായി ആർക്കിടെക്റ്റ് വിനയ്മോഹനെ സമീപിച്ചത്. അലങ്കാരത്തിനും സൗകര്യങ്ങൾക്കും തുല്യപ്രാധാന്യം നൽകിയാണ് തന്റെ രൂപകല്പനയിൽ ഭവനങ്ങൾ തീർക്കുന്നത്. കുടുംബാംഗങ്ങളുടെ ആവശ്യങ്ങളും സൈറ്റിന്റെ കണ്ടീഷനും പരിഗണിച്ചാണ് സംരചന തയ്യാറാക്കുന്നത്. സ്ഥിരം ചട്ടക്കൂടിന്റെ ആവർത്തന വിരസത ഒഴിവാക്കണമെന്നതായിരുന്നു കുടുംബാംഗങ്ങളുടെ ആവശ്യം. ഫ്ളാറ്റ്-സ്ലോപ്പ് റൂഫുകളുടെ കോംപിനേഷനിൽ മോഡൺ ട്രഡീഷണൽ എലിമെന്റുകൾ ഉൾകൊള്ളുന്ന ഫ്യൂഷൻ ശൈലിയാണ് ഈ വീടിന്റേത്. ഗേബിളുകളുടെ ജ്യാമിതി തൂണുകളിലും വീടിന്റെ ഘടനയിലും ആവർത്തിച്ചിട്ടുണ്ട്. പതിനഞ്ച് സെന്റിന്റെ പ്ലോട്ടിലാണ് വീട്. മുറ്റത്ത് നാച്ച്യൂറൽ സ്റ്റോൺ പതിച്ചിരിക്കുകയാണ്. ബാക്കിഭാഗം ലോൺ ആക്കിയിരിക്കുകയാണ്. പ്ലോട്ടിലേക്ക് സൈറ്റിനനുസരിച്ചാണ് പോർച്ചിന്റെ സ്ഥാനം ഒരുവശത്തേക്ക് മാറ്റിയത്. മൾട്ടിവുഡും ജി.ഐയും കൊണ്ടാണ് ഗേറ്റുകൾ. ചെങ്കല്ലും ആർ.സി.സി.യും കൊണ്ടാണ് വീടിന്റെ ഘടന.

**മുറികൾക്കനുയോജ്യവും ആവശ്യങ്ങൾ നിവർത്തിക്കുന്നതുമായിട്ടുള്ള ഫർണിച്ചർ ഇറക്കുമതി ചെയ്തതാണ്. ലെതർ അപ്ഹോൾസ്റ്ററി ചെയ്ത ഇരിപ്പിടങ്ങളാണ് ഇവിടെ**





വിട്രിഫൈഡ് ടൈൽ മുറിച്ചാണ് കാർപോർച്ചിന്റെയും പൂമുഖത്തിന്റെയും തൂണുകൾ ക്ലാഡ് ചെയ്തിരിക്കുന്നത്. ഭിത്തിയിലും ടൈൽ കൊണ്ടുള്ള ക്ലാഡിംഗ് ആവർത്തിച്ചിട്ടുണ്ട്. വെതർക്കോട്ട് ഫിനിഷാണ് എക്സ്റ്റീരിയറിൽ. ഗേബിളുകളും, പർഗോളകൾ കൊണ്ടുള്ള കവാടവും, പല ലെവലിൽ കിടക്കുന്ന ഫ്ളാറ്റ് സ്ലാബുകളും എക്സ്റ്റീരിയർ ലഭ്യമാക്കുന്നു. 3206 ചതുരശ്രയടി വിസ്തീർണ്ണത്തിലാണ് വീട്ടിലെ സൗകര്യങ്ങൾ. കാർപോർച്ചും, സിറ്റൗട്ടും, സ്വീകരണമുറിയും, ഡൈനിംഗും രണ്ട് കിടപ്പുമുറികളും പാൻട്രി കിച്ചണും, വർക്കിംഗ് കിച്ചണും, ഇന്റീരിയറിലെ സൗകര്യങ്ങൾ ചിട്ടപ്പെടുത്തിയരിക്കുന്നത്. കുടുംബാഗംങ്ങളുടെ ജീവിത ശൈലി കൃത്യമായി പഠിച്ചാണ് ആർക്കിടെക്റ്റ് വിനയ്മോഹൻ ഓരോ ഇടങ്ങളും തയ്യാറാക്കിയിരിക്കുന്നത്. പരമാവധി യൂട്ടിലിറ്റികിട്ടത്തക്ക വിധത്തിലാണ് മുറികളുടെ ക്രമീകരണം.

വിവിധ സാമഗ്രികൾ കൊണ്ടാണ് ഫ്ളോറിംഗ് നിർവ്വഹിച്ചിരിക്കുന്നത്.കൂടുതലും ഇറ്റാലിയൻ മാർബിളാണ്.സ്റ്റെപ്പുകളിലുംബോർഡറിലുംസ്പെഷ്യൽ ഡിസൈനുമൊക്കെ ചെയ്തിരിക്കുന്നത് ഗ്രാനൈറ്റിലാണ്. അടുക്കളയിൽ മാറ്റ് ഫിനിഷ്ഡ് വിട്രിഫൈഡ് ടൈലാണ്. വീടിന്റെ വാതിലും ജനലുമൊക്കെ ഇരുൾമരത്തിലാണ്. മുറികൾക്കനുയോജ്യവും ആവശ്യങ്ങൾ നിവർത്തിക്കുന്നതുമായിട്ടുള്ള







**ആർക്കിടെക്റ്റ് വിനയ്മോഹൻ**
വി.എം. ആർക്കിടെക്റ്റ്സ്
സ്പേസ് മാൾ, ജാഫർഖാൻ
കോളനി
കോഴിക്കോട്
ഫോൺ : 9633822771

**സ്വീകരണമുറിക്ക് പ്രൈവസിനൽകാൻ പാർട്ടീഷനും നൽകിയിട്ടുണ്ട്. മൾട്ടിവുഡിൽ സീ.എൻ.സി കട്ടിംഗ് നൽകിയാണ് ഇത്. ഗ്ലാസുകൊണ്ടാണ് സന്ദർശകമുറിയുടെ ഒരു വശത്തെ ഭിത്തി. പരമാവധി വെന്റിലേഷൻ കിട്ടത്തക്ക രീതിയിലാണ് മുറിയിൽ ജാലകങ്ങൾ നൽകിയിരിക്കുന്നത്.**

ഫർണിച്ചർ ഇറക്കുമതി ചെയ്തതാണ്. ലെതർ അപ്ഹോൾസ്റ്ററി ചെയ്ത ഇരിപ്പിടങ്ങളാണ് ഇവിടെ. പ്രകാശസ്രോതസ്സുകൾ നൽകിയിരിക്കുന്നത് ജിപ്സം കൊണ്ടുള്ള സീലിംഗിലാണ്. ഭിത്തിയിൽ ടി.വി യൂണിറ്റ് ഉറപ്പിച്ചിരിക്കുന്നത് പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന പാനലിലാണ്. സ്റ്റോറേജ് സൗകര്യവും ഇതിനൊപ്പമുണ്ട്. മൾട്ടിവുഡും വെനീറും കൊണ്ട് ഇവ തയ്യാറാക്കിയിരിക്കുന്നത്. സ്വീകരണമുറിക്ക് പ്രൈവസിനൽകാൻ ഒരു പാർട്ടീഷനും നൽകിയിട്ടുണ്ട്. മൾട്ടിവുഡിൽ സീ.എൻ.സി കട്ടിംഗ് നൽകിയാണ് ഇത്. ഗ്ലാസുകൊണ്ടാണ് സന്ദർശകമുറിയുടെ ഒരു വശത്തെ ഭിത്തി. പരമാവധി വെന്റിലേഷൻ കിട്ടത്തക്ക രീതിയിലാണ് മുറിയിൽ ജാലകങ്ങൾ നൽകിയിരിക്കുന്നത്. സീബ്ര ബ്ലൈന്റുകളാണ് തിരശ്ശീലയാക്കിയിരിക്കുന്നത്.

ഫോയറിൽ നിന്നും നേരെ എത്താൻ പാകത്തിനാണ് ഡൈനിംഗ്. ഇറക്കുമതി ചെയ്ത ഊൺ മേശയും ഇരിപ്പിടങ്ങളുമാണ് ഊണിടത്തിൽ. ഡൈനിംഗിനെ ഹൃദ്യമാക്കുന്നത് സീലിംഗിൽ പാകിയിരിക്കുന്ന ലൈറ്റ് ഫിക്സച്ചറുകളാണ്. എസ്.എസിന്റെ സ്ക്വയർ ട്യൂബിനുള്ളിൽ വൺവാട്ടിന്റെ ലൈറ്റുകൾ ഉറപ്പിച്ചാണ് ഡൈനിംഗ് ആകർഷകമാക്കിയിരിക്കുന്നത്. സീലിംഗിൽ പ്ലൈവുഡും വെനീറും ജിപ്സവും ഉപയോഗിച്ചിട്ടുണ്ട്. ഇതിനോട് ചേർന്നാണ് വാഷ്കൗണ്ടർ. സ്റ്റോൺ ക്ലാഡിംഗാണ് ഈ ഭാഗം ഹൈലൈറ്റ് ചെയ്യുന്നത്. ഡൈനിംഗിനോട് ചേർന്ന് ഒരു പ്രൈവറ്റ് ലോണും സെറ്റ് ചെയ്തിട്ടുണ്ട്. സിന്തെറ്റിക് ഗ്ലാസും പ്ലാന്റുകളുമാണ് ഈ ഭാഗത്ത്. മൾട്ടിവുഡും ഗ്ലാസും കൊണ്ടാണ് ഇത് എൻക്ലോസിഡാക്കിയിരിക്കുന്നത്. സിലിംഗിൽ എസ്.എസിൽ ഗ്ലാസാണ് പൂർണ്ണമായും റിലാക്സ് ചെയ്യുന്നതിനൊരു ഇടം മാത്രമാണിത്.

സ്വീകരണ മുറിയിൽ നിന്നും ഡൈനിംഗിലേക്ക് കടക്കുന്നത് ഗ്ലാസ് ഡോർ വഴിയാണ്. ഈ വീട്ടിലെ സ്റ്റെയർക്കേസ് തികച്ചും വ്യത്യസ്തമാണ്. ഭിത്തിയിലും ഫ്ളോറിലുമായി ഉറപ്പിച്ചിരിക്കുന്ന കാന്റിലിവർ സ്ലാബിൽ മരപ്പലക കൊണ്ടാണ് സ്റ്റെപ്പുകൾ. റെയിലിന് ഗ്ലാസും വുഡുമാണ്, ഉപയോഗിച്ചിരിക്കുന്നത്. ആദ്യ കാഴ്ചയിൽ വുഡൻ ഫ്രെയിമിൽ



## HOME info

ആർക്കിടെക്റ്റ് : വിനയ്മോഹൻ

ക്ലൈന്റ് : ഷറഫാസ് അബ്ദുൾ റസാഖ്

ലൊക്കേഷൻ : തലശ്ശേരി

പ്ലോട്ട് : 15 സെന്റ്

ഏരിയ : 3206 ചതുരശ്രയടി

സ്ട്രെക്ച്ചർ : ലാറ്ററൈറ്റ്, ആർ.സി.സി

മുറ്റം : നാച്ച്യുറൽ സ്റ്റോൺ

ഫ്ളോർ : ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, വിട്രിഫൈഡ് ടൈൽ

ഡോർസ് & വിൻഡോസ് : ഇരുൾ

ഗേറ്റ് : ജി.ഐ. മൾട്ടിവുഡ്

എക്സ്റ്റീരിയർ പെയിന്റ് : വെതർക്കോട്ട് ഫിനിഷ്

പാർട്ടീഷൻ : മൾട്ടിവുഡ്, ഗ്ലാസ്

ക്ലാഡിംഗ് : വിട്രിഫൈഡ് ടൈൽ, നാച്ച്യുറൽ സ്റ്റോൺ

ഫർണിച്ചർ : ഇംപോർട്ടഡ്

പാനലിംഗ് : മൾട്ടിവുഡ്

സീലിംഗ് : ജിപ്സം

സ്റ്റെയർ : വുഡ്

കിച്ചൺ ക്യാബിനറ്റ് : പ്ലൈവുഡ് ,വെനീർ



ടുതൽ സ്ഥലം ലഭിക്കത്തക്ക വിധത്തിലാണ് ഇവിടെ ക്യാബിനറ്റുകളും കൗണ്ടറും ക്രമീകരിച്ചിരിക്കുന്നത് ഇതിനോട് ചേർന്ന് തന്നെയാണ് വർക്കിംഗ് കിച്ചൺ. ആധുനിക പാചക സൗകര്യങ്ങളെല്ലാം ഇവിടെയും ഒരുക്കിയിട്ടുണ്ട്. പൂർണ്ണമായും എൻക്ലോസിഡാണ് ഈ വീട്ടിലെ അടുക്കള.

ഇരുനിലകളുമായി അഞ്ചു കിടപ്പുമുറികളുണ്ടിവിടെ. ഇറക്കുമതിചെയ്ത ഫർണിച്ചറാണ് കിടപ്പുമുറികളിൽ. സീലിംഗിൽ ജിപ്സവും പ്ലൈവുഡും ഉപയോഗിച്ചിട്ടുണ്ട്. ഉപയോഗിക്കുന്ന ആളിനനുസരിച്ചാണ്







**രണ്ട് കിച്ചണുകളാണ് ഇവിടെ. ഒരെണ്ണം പാൻട്രി കിച്ചനാണ് വൈറ്റ് നിറാശയത്തിലാണ് ഇത്.**

മുറികളുടെ ക്രമീകരണം. ഭിത്തിയിലും സീലിംഗിലുമൊക്കെ സ്പെഷ്യൽ ഫീച്ചറുകൾ നൽകിയിട്ടുണ്ട് കിടപ്പുമുറികളിൽ. ബാത്ത് അറ്റാച്ചിഡാണ് കിടപ്പുമുറികൾ. അത്യാധുനിക സാനിട്ടറി ഫിറ്റിംഗ്സുകളാണ് ബാത്ത്റൂമുകളിൽ നൽകിയിരിക്കുന്നത്.

ബാൽക്കണിയിൽ മഴയും വെയിലും കടന്നുവരാതിരിക്കാൻ പർഗോള റൂഫാണ്. ഗ്ലാസാണ് ഇതിന്മുകളിൽ ഫ്ളോറിൽ സിന്തെറ്റിക് ഗ്ലാസും വിരിച്ചിരിക്കുകയാണ് വിശ്രമവേളകളിൽ ഇവിടെ ചെലവഴിക്കുന്നതിനാണ് വീട്ടുകാർ ഇഷ്ട്ടപ്പെടുന്നത്.

മികച്ചപ്രകാശംകൃത്യമായപ്രൈവസി.ആവശ്യംവേണ്ട എല്ലാ സൗകര്യങ്ങളും ആധുനിക സാങ്കേതിക സംവിധാനങ്ങളും ഉൾക്കൊള്ളുന്ന ഈ പാർപ്പിടം ഒരു ടോട്ടൽ ഹോമാണ്. കുടുംബാഗംങ്ങളുടെ വിശ്രമത്തിനും വിനോദത്തിനും ഒരു പോലെ സൗകര്യപ്രദമാണ് ഈ വീട്.





